കേരള സർക്കാർ

**സംഗ്രഹം**

പൊതു വിദ്യാഭ്യാസ വകുപ്പ് - എറണാകുളം ജില്ലയിലെ ഗവ. എൽ.പി.ജി. സ്കൂൾ, തൃക്കളത്തൂർ, ഗവ. യു.പി. സ്കൂൾ, പായിപ്ര, ഗവ. യു.പി.എസ്. മുളവൂർ, ഗവ. എൽ.പി. എസ്, തൃക്കളത്തൂർ, എം.എസ്.എം. എൽ.പി. സ്കൂൾ, മുളവൂർ എന്നീ സ്കൂളുകൾ മൂവാറ്റുപുഴ ഉപജില്ലയുടെ പരിധിയിൽപ്പെടുത്തിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പൊതുവിദ്യാഭ്യാസ (എഫ്) വകുപ്പ്

സ.ഉ. (എം.എസ്) 262/2014/പൊ.വി. തീയതി, തിരുവനന്തപുരം, 05/12/2014.

---

പരാമർശം: പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 08.04.2014 - ലെ ഡി(4)/72419/2012/ ഡി.പി.ഐ. നം. കത്ത്

**ഉത്തരവ്**

എറണാകുളം ജില്ലയിലെ പായിപ്ര ഗ്രാമ പഞ്ചായത്തിലെ ഗവൺമെന്റ് എൽ.പി.ജി. സ്കൂൾ, നിലവിൽ കോതമംഗലം ഉപജില്ലയുടെ പരിധിയിലാണെന്നും ടി സ്കൂളിൽ നിന്ന് കോതമംഗലത്ത് എത്തുവാൻ 25 കിലോമീറ്റർ ദൂരമുണ്ടെന്നും ആയതിനാൽ പ്രസ്തുത സ്കൂളിൽ നിന്ന് 9 കിലോ മീറ്റർ മാത്രം ദൂരമുള്ള മൂവാറ്റുപുഴ ഉപജില്ലയുടെ പരിധിയിലേക്ക് ടി സ്കൂളിനെ മാറ്റുന്നത് സൗകര്യപ്രദമായിരിക്കുമെന്നും പരാമർശ കത്തു പ്രകാരം പൊതു വിദ്യാഭ്യാസ ഡയറക്ടർ ശുപാർശ ചെയ്തിരുന്നു. അതോടൊപ്പം അതേ പഞ്ചായത്തിലെ ഗവ. യു.പി. സ്കൂൾ, പായിപ്ര, ഗവ. യു.പി.എസ്. മുളവൂർ, ഗവ. എൽ.പി.എസ്, തൃക്കളത്തൂർ, എം.എസ്.എം. എൽ.പി. സ്കൂൾ, മുളവൂർ എന്നീ സ്കൂളുകൾ മൂവാറ്റുപുഴ ഉപജില്ലയുടെ പരിധിയിലേക്ക് മാറ്റുന്നത് ഈ സ്കൂളുകളുടെ പ്രവർത്തനം കാര്യക്ഷമമായി നടത്താൻ കഴിയുമെന്നും പൊതു വിദ്യാഭ്യാസ ഡയറക്ടർ ശുപാർശ ചെയ്തിട്ടുണ്ട്.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഭരണപരമായ സൗകര്യം കണക്കിലെടുത്ത് കോതമംഗലം വിദ്യാഭ്യാസ ഉപജില്ലയുടെ പരിധിയിലുള്ള എറണാകുളം ജില്ലയിലെ ഗവ. എൽ.പി.ജി. സ്കൂൾ, തൃക്കളത്തൂർ, ഗവ. യു.പി. സ്കൂൾ, പായിപ്ര, ഗവ. യു.പി.എസ്. മുളവൂർ, ഗവ. എൽ.പി.എസ്, തൃക്കളത്തൂർ, എം.എസ്.എം. എൽ.പി. സ്കൂൾ, മുളവൂർ എന്നീ സ്കൂളുകൾ മൂവാറ്റുപുഴ വിദ്യാഭ്യാസ ഉപജില്ലയുടെ പരിധിയിലേക്ക് മാറ്റിക്കൊണ്ട് ഉത്തരവു പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഉഷാകുമാരി വി.എസ്.
ഗവൺമെന്റ് ജോയിന്റ് സെക്രട്ടറി

പൊതു വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
വിദ്യാഭ്യാസ ഉപഡയറക്ടർ, എറണാകുളം.
ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, കോതമംഗലം, എറണാകുളം.
ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, മൂവാറ്റുപുഴ.
ജില്ലാ കലക്ടർ, എറണാകുളം
എക്സിക്യൂട്ടിവ് ഡയറക്ടർ, ഐ.റ്റി. @ സ്കൂൾ, തിരുവനന്തപുരം
പ്രോജക്ട് ഡയറക്ടർ, സർവ്വ ശിക്ഷാ അഭിയാൻ, തിരുവനന്തപുരം.
ഹെഡ്മാസ്റ്റർ, ഗവ. എൽ.പി.ജി. സ്കൂൾ, തൃക്കളത്തൂർ, എറണാകുളം ജില്ല.
ഹെഡ്മാസ്റ്റർ, ഗവ. യു.പി. സ്കൂൾ, പായിപ്ര, എറണാകുളം ജില്ല.
ഹെഡ്മാസ്റ്റർ, ഗവ. യു.പി.എസ്. മുളവൂർ, എറണാകുളം ജില്ല
ഹെഡ്മാസ്റ്റർ, ഗവ. എൽ.പി.എസ്, തൃക്കളത്തൂർ, എറണാകുളം ജില്ല
ഹെഡ്മാസ്റ്റർ, എം.എസ്.എം. എൽ.പി. സ്കൂൾ, മുളവൂർ, എറണാകുളം ജില്ല
വെബ് & ന്യൂ മീഡിയ, പൊതുജന സമ്പർക്ക വകുപ്പ്, സെക്രട്ടേറിയറ്റ്.
കരുതൽ ശേഖരം/കാര്യാലയ പകർപ്പ്

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ